ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.09.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സാങ്കേതിക വിദ്യയുടെ പരിണാമത്തിന് അനുസൃതമായി ഓഡിറ്റിംഗ് രംഗത്തും മാറ്റങ്ങളുണ്ടാകണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu says, Audit needs to keep up with technological evolution to perform effectively.**

2. മൂന്ന് ദിവസത്തെ അമേരിക്കൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ത്യയിലേക്ക് തിരിച്ചു.

   **PM Modi emplanes for New Delhi after concluding 3 days successful visit to US.**

3. പീഡന പരാതിയിൽ നടൻ സിദ്ദിഖിന്റെ മുൻകൂർ ജാമ്യാപേക്ഷ കേരള ഹൈക്കോടതി തള്ളി; സിദ്ദിഖിനെതിരെ രാജ്യത്തെ വിമാനത്താവളങ്ങളിൽ ലുക്ക് ഔട്ട് നോട്ടീസ്.

   **Kerala High Court denies anticipatory bail to actor Siddique in rape case; look out notice issued against Siddique at airports.**

4. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ജമ്മുകശ്മീരിൽ രണ്ടാം ഘട്ട വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി; ആറ് ജില്ലകളിലെ 26 മണ്ഡലങ്ങൾ നാളെ പോളിംഗ് ബൂത്തിലേക്ക്.

   **Preparations completed for Second phase Assembly Elections in J-K; 26 constituencies of six districts will go to polls tomorrow.**

5. ശ്രീലങ്കൻ പ്രധാനമന്ത്രിയായി ഹരിണി അമരസൂര്യ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

   **Harini Amarasuriya sworn in as Prime Minister of Sri Lanka.**

&&&&&&&&&&&&&&&

## HEAD LINE – 1

## PREZ - CAG

സാങ്കേതിക വിദ്യയുടെ പരിണാമത്തിന് അനുസൃതമായി ഓഡിറ്റിംഗ് രംഗത്തും മാറ്റങ്ങളുണ്ടാകണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. രാജ്യത്തിന്റെ പൊതു ധനകാര്യ വ്യവസ്ഥയിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിൽ കോംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ വഹിക്കുന്ന പങ്ക് സുപ്രധാനമാണെന്നും ശ്രീമതി മുർമു പറഞ്ഞു. ന്യൂഡൽഹിയിൽ 16-ാമത് ഏഷ്യൻ ഓർഗനൈസേഷൻ ഓഫ് സുപ്രീം ഓഡിറ്റ് ഇൻസ്റ്റിറ്റ്യൂഷൻ അസംബ്ലിയുടെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. സിഎജിയുടെ പ്രവർത്തനങ്ങളിൽ നീതിപൂർവവും ധാർമ്മികവുമായ പെരുമാറ്റച്ചട്ടം കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&

## HEAD LINE – 2

## MEA BRIEFING

മൂന്ന് ദിവസത്തെ അമേരിക്കൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ത്യയിലേക്ക് തിരിച്ചു. - പ്രധാനമന്ത്രിയുടെ അമേരിക്കൻ സന്ദർശനം വിജയകരമായിരുന്നുവെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ന്യൂയോർക്കിൽ മാധ്യമങ്ങളോട് പറഞ്ഞു. നേപ്പാൾ പ്രധാനമന്ത്രി, കുവൈറ്റ് കിരീടാവകാശി, യുക്രൈൻ - പലസ്തീൻ പ്രസിഡന്റുമാർ തുടങ്ങിയവരുമായി പ്രധാനമന്ത്രി നടത്തിയ കൂടിക്കാഴ്ച ഫലപ്രദമായിരുന്നു എന്നും വിദേശകാര്യ സെക്രട്ടറി അറിയിച്ചു.

&&&&&&&&&&&&&&&

## PM SUMMIT

ആഗോള നന്മയ്ക്കായി ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ പങ്കിടാൻ ഇന്ത്യ തയ്യാറാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പരമാധികാരത്തെയും അഖണ്ഡതയെയും ബാധിക്കാത്ത ആഗോള ഡിജിറ്റൽ ഭരണനിർവ്വഹണമാണ് ആവശ്യമെന്നും പ്രധാനമന്ത്രി ഐക്യരാഷ്ട്ര പൊതുസഭയിൽ പറഞ്ഞു. സുസ്ഥിര

വികസനത്തിന് പ്രാധാന്യം നൽകുന്നതോടൊപ്പം മനുഷ്യ ക്ഷേമം, ഭക്ഷണം, ആരോഗ്യസുരക്ഷ എന്നിവയും ഉറപ്പാക്കണം. ആഗോളഭാവി സംബന്ധിച്ച ചർച്ചകളിൽ മനുഷ്യ കേന്ദ്രീകൃത സമീപനം സ്വീകരിക്കണമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&

## VICE-PRESIDENT-UTTAR PRADESH

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ ഉത്തർപ്രദേശ് രാജ്യാന്തര വ്യാപാര മേളയുടെ ഉദ്ഘാടന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തും. രാജ്യാന്തര വ്യാപാര മേളയുടെ രണ്ടാം പതിപ്പാണ് നാളെ മുതൽ ഈ മാസം 29 വരെ നടക്കുക. മേളയിൽ ഉത്തർപ്രദേശിൻ്റെ വ്യാപാരവും സംസ്കാരവും പ്രദർശിപ്പിക്കുന്നതിനൊപ്പം വിയറ്റ്നാമിനെ പങ്കാളിത്ത രാജ്യമായി ഉയർത്തിക്കാട്ടുകയും ചെയ്യും.

&&&&&&&&&&&&&&&

## PARLIAMENTARY -CONFERENCE INTRO

അർഹരായ അവസാന വ്യക്തിക്കും സുസ്ഥിരവും സമഗ്രവുമായ വികസനം ലഭ്യമാക്കുന്നതിനായി നിയമനിർമ്മാണ സമിതികൾ ജനങ്ങൾക്കിടയിൽ സജീവമാകണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. പത്താമത് കോമൺവെൽത്ത് പാർലമെൻ്ററി അസോസിയേഷൻ ഇന്ത്യയുടെ, മേഖലാതല സമ്മേളനത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരു രാഷ്ട്രം ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന നിയമസഭയുടെ ഡിജിറ്റലൈസേഷൻ പൂർത്തീകരണം സംബന്ധിച്ചും ചർച്ച നടന്നതായി ലോക്സഭാ സ്പീക്കർ അറിയിച്ചു.
( വോയിസ് )

&&&&&&&&&&&&&&&

## FM - UZBEKISTAN VISIT

അഞ്ച് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഉസ്ബെക്കിസ്ഥാനിലെത്തി. സമർഖണ്ഡിൽ ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ് മെൻറ് ബാങ്ക് ഗവർണർമാരുടെ

ഒൻപതാമത് വാർഷിക ബോർഡ് യോഗത്തിൽ ധനമന്ത്രി നാളെ പങ്കെടുക്കും. ഇന്ത്യയും ഉസ്ബെക്കിസ്ഥാനും തമ്മിലുള്ള ഉഭയകക്ഷി നിക്ഷേപ കരാറിലും കേന്ദ്രമന്ത്രി ഒപ്പുവയ്ക്കും. ഉസ്ബെക്കിസ്ഥാൻ, ചൈന, ഖത്തർ ധനമന്ത്രിമാരുമായി ശ്രീമതി നിർമല സീതാരാമൻ കൂടിക്കാഴ്ച നടത്തും. ഉസ്ബെക്കിസ്ഥാനിലെ ഇന്ത്യൻ സമൂഹവുമായും ധനമന്ത്രി സംവദിക്കും.

&&&&&&&&&&&&&&&

## ASHWINI VAISHNAW-RAJASTHAN

രാജസ്ഥാൻ സന്ദർശനത്തിന്റെ ഭാഗമായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് രാജസ്ഥാൻ മുഖ്യമന്ത്രി ഭജൻ ലാൽ ശർമ്മയുമായി കൂടിക്കാഴ്ച നടത്തി. ജയ്പൂരിലെ ഗാന്ധിനഗർ റെയിൽവേ സ്റ്റേഷൻ്റെ പുനർവികസന പ്രവർത്തനങ്ങളും അദ്ദേഹം വിലയിരുത്തി. സവായ് മധോപൂർ മുതൽ സുമർഗഞ്ച് മണ്ഡി വരെ ട്രെയിനിൽ സഞ്ചരിച്ച് റെയിൽവെ ട്രാക്ക് സംരക്ഷണ സംവിധാനമായ കവചിന്റെ പ്രവർത്തനം കേന്ദ്രമന്ത്രി പരിശോധിച്ചു.

&&&&&&&&&&&&&&&

## M-POX - CLADE1B

എം-പോക്സിൻ്റെ പുതിയ വകഭേദമായ ക്ലേഡ് 1 ബി രാജ്യത്ത് ആദ്യമായി കേരളത്തിൽ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കർശന ജാഗ്രത തുടരുന്നു. യു.എ.ഇ യിൽ നിന്ന് കഴിഞ്ഞയാഴ്ച എത്തിയ യുവാവിലാണ് വകഭേദം കണ്ടെത്തിയത്. മലപ്പുറത്ത് ചികിത്സയിലുള്ള രോഗിയുടെ ആരോഗ്യനില തൃപ്തികരമാണ്.

&&&&&&&&&&&&&&&

## HEAD LINE – 3

## SIDDIQUE CASE

പീഡന പരാതിയിൽ നടൻ സിദ്ദിഖിന്റെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ, അറസ്റ്റിനുള്ള ശ്രമം തുടർന്ന് പ്രത്യേക അന്വേഷണ സംഘം. സിദ്ദിഖിനെ കണ്ടെത്താനുള്ള ശ്രമത്തിന്റെ ഭാഗമായി ഹോട്ടലുകൾ

കേന്ദ്രീകരിച്ച് പോലീസ് പരിശോധന നടത്തി. വിദേശത്തേക്ക് കടക്കാതിരിക്കാൻ രാജ്യത്തെ വിമാനത്താവളങ്ങളിൽ ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ ഹോട്ടലിൽ വച്ച് യുവതിയെ പീഡിപ്പിച്ച കേസിലാണ് നടപടി.

&&&&&&&&&&&&&&&

## MUKESH

പീഡന കേസിൽ നടനും എം.എൽ.എ യുമായ മുകേഷ് അന്വേഷണ സംഘത്തിന് മുന്നിൽ ചോദ്യം ചെയ്യലിന് ഹാജരായി. ഇന്ന് രാവിലെ അഭിഭാഷകനൊപ്പമാണ് മുകേഷ് കൊച്ചിയിൽ എ.ഐ.ജി- ജി.പൂങ്കുഴലിയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തിന് മുന്നിൽ ഹാജരായത്. നടിയുടെ പീഡന പരാതിയിലാണ് ചോദ്യം ചെയ്യൽ. കേസിൽ മുകേഷിന് സെഷൻസ് കോടതി മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു.

&&&&&&&&&&&&&&&

## SWACHHATA CAMPAIGN (INTRO)

രാജ്യത്ത്, സ്വച്ഛതാ ഹി സേവാ ക്യാമ്പയിന്റെ ഭാഗമായി വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ആരോഗ്യ പരിപാലനത്തിലും ശുചിത്വത്തിലും കഴിഞ്ഞ പത്തു വർഷത്തിനിടെ സ്വച്ഛ് ഭാരത് മിഷനിലൂടെ വലിയ പരിവർത്തനങ്ങളാണ് ഉണ്ടായതെന്ന് കേന്ദ്രസർക്കാർ പറഞ്ഞു.

വിശദാംശങ്ങളിലേക്ക്.... (വോയ്സ്)

## SWACHHATA CAMPAIGN (VOICE)

2014 മുതൽ ഇതുവരെ രാജ്യത്തെ നഗര മേഖലയിൽ 6.36 ലക്ഷം പൊതുശൗചാലയങ്ങൾ നിർമിച്ചു. മാലിന്യ സംസ്കരണത്തിനും സംശുദ്ധ ഊർജ്ജ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി രാജ്യത്തുടനീളം 5000 ലേറെ സ്റ്റാർട്ടപ്പുകളാണ് പ്രവർത്തിക്കുന്നത്. ഒക്ടോബർ രണ്ടു വരെ നടക്കുന്ന 'സ്വച്ഛതാ ഹി സേവ 2024' ക്യാമ്പയിന്റെ ഭാഗമായി മന്ത്രാലയങ്ങളും സംസ്ഥാനങ്ങളും സ്ഥാപനങ്ങളും ശുചിത്വ യജ്ഞം സജീവമായി തുടരുകയാണ്. ശുചിത്വത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനായി ടെക്സ്റ്റൈൽ മന്ത്രാലയം ഇന്ന് വിവിധ

പരിപാടികൾ സംഘടിപ്പിച്ചു. 'സഫായി മിത്ര സുരക്ഷാ ശിവിർ' എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയിൽ ശുചീകരണ പ്രവർത്തകർക്ക് മാസ്കുകളും സാനിറ്റൈസറുകളും വിതരണം ചെയ്തു. NIFT ക്യാമ്പസുകൾ കേന്ദ്രീകരിച്ച് തെരുവ് നാടകങ്ങളും മത്സരങ്ങളും നടത്തി. കൂടാതെ, സൈബർ ശുചിത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സോഫ്റ്റ്വെയറും പുറത്തിറക്കി. കേരളത്തിലും സ്വച്ഛതാ പ്രവർത്തനങ്ങൾ ഊർജ്ജിതമാണ്. തിരുവനന്തപുരം ആകാശവാണി നിലയത്തിൽ, പ്രാദേശിക വാർത്താ വിഭാഗം ജീവനക്കാർ ചേർന്ന് ഓഫീസ് പരിസരം ശുചിയാക്കി.

ന്യൂസ്ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&

## HEAD LINE – 4

## JK - SECOND PHASE POLL

ജമ്മുകശ്മീരിൽ നാളെ നടക്കാനിരിക്കുന്ന രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ആറ് ജില്ലകളിലെ 26 മണ്ഡലങ്ങളിലാണ് നാളെ വോട്ടെടുപ്പ് നടക്കുന്നത്. 239 സ്ഥാനാർത്ഥികളാണ് മത്സര രംഗത്തുള്ളത്. 25.78 ലക്ഷം വോട്ടർമാർ സമ്മതിദാന അവകാശം വിനിയോഗിക്കും. 3502 പോളിംഗ് സ്റ്റേഷനുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. വെബ് കാസ്റ്റിംഗ് സംവിധാനവും കർശന സുരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. അവസാനത്തെയും മൂന്നാമത്തെയും ഘട്ട തിരഞ്ഞെടുപ്പ് അടുത്ത മാസം ഒന്നിന് നടക്കും. അടുത്ത മാസം എട്ടിനാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&

## REV DAY JHARKHAND-EC

ജാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ സംസ്ഥാനത്തെ മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർമാർ, പോലീസ് സേനാംഗങ്ങൾ, കേന്ദ്ര സായുധ പോലീസ് സേനാഗംങ്ങൾ എന്നിവരുമായി അവലോകനയോഗം നടത്തി. തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഗ്യാനേഷ് കുമാർ, സുഖ്ബീർ സിംഗ് സന്ധു എന്നിവരും സന്നിഹിതരായിരുന്നു. പണവും മറ്റും നൽകി വോട്ടർമാരെ

അന്യായമായി സ്വാധീനിക്കുന്നത് തടയുന്നതിന് കേന്ദ്ര-സംസ്ഥാന എൻഫോഴ്സ്മെൻ്റ് ഏജൻസികൾക്ക് കമ്മീഷൻ നേരത്തെ നിർദ്ദേശം നൽകിയിരുന്നു.

&&&&&&&&&&&&&&&

## HEAD LINE – 5

## EVE SRILANKA-CABINET

നാഷണൽ പീപ്പിൾസ് പവർ എംപി, ഹരിണി അമരസൂര്യ ശ്രീലങ്കയുടെ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ഇന്ന് പ്രസിഡൻഷ്യൽ സെക്രട്ടേറിയറ്റിൽ പ്രസിഡൻ്റ് അനുര കുമാര ദിസനായകെയ്ക്ക് മുമ്പാകെയായിരുന്നു സത്യപ്രതിജ്ഞ. എൻപിപി പാർലമെൻ്റംഗങ്ങളായ വിജിത്ത് ഹെറാത്ത്, ലക്ഷ്മൺ നിപുൻ ആരാച്ചി എന്നിവരും കാബിനറ്റ് മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു.

&&&&&&&&&&&&&&&

## ISRAEL-LEBANON

ലെബനനിൽ ഇസ്രയേൽ നടത്തുന്ന വ്യോമാക്രമണത്തിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 558 പേർ മരിച്ചതായി ലെബനീസ് ആരോഗ്യമന്ത്രാലയം. രണ്ടായിരത്തോളം പേർക്ക് പരിക്കേറ്റിട്ടുണ്ട്. പ്രദേശത്ത് സംഘർഷാവസ്ഥ തുടരുകയാണ്. സംഘർഷ സാഹചര്യം അന്താരാഷ്ട്ര സമൂഹത്തിൽ ആശങ്കയുണ്ടാക്കിയിട്ടുണ്ടെന്നും ലെബനൻ "മറ്റൊരു ഗസയായി മാറാൻ" പാടില്ലെന്നും യുഎൻ സെക്രട്ടറി ജനറൽ അൻ്റോണിയോ ഗുട്ടെറസ് പ്രതികരിച്ചു.

&&&&&&&&&&&&&&&

## TENNIS- CHENGDU OPEN

ചൈനയിൽ നടക്കുന്ന ചെങ്ഡു ഓപ്പൺ ടെന്നീസ് പുരുഷ ഡബിൾസിൽ ഇന്ത്യൻ താരം യുകി ഭാംബ്രി, ഫ്രഞ്ച് പങ്കാളി അൽബാനോ ഒലിവെറ്റി സഖ്യം ഫൈനലിൽ പരാജയപ്പെട്ടു. ഫൈനലിൽ ഫ്രഞ്ച് സഖ്യത്തോടാണ് താരങ്ങൾ പരാജയപ്പെട്ടത്.

&&&&&&&&&&&&&&&

## TOBACCO–PARIKRAMA

പുകയിലയുടെ ഉപഭോഗം തടയുന്നതിനും യുവാക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുകയില വിമുക്ത യുവജന കാമ്പയിൻ 2.0 ന് തുടക്കം കുറിച്ചു. പുകയിലയുടെ വിനാശകരമായ ആഘാതത്തിൽ നിന്ന് യുവതലമുറയെ സംരക്ഷിക്കുകയാണ് 60 ദിവസത്തെ കാമ്പയിൻ ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&